

എ.വൈ.ആർ

സൂറ-20

# താഹാ

ആയത്ത് 103 മുതൽ 107 വരെ

മനുഷ്യൻ മരിക്കുന്നതോടെ കാലം എന്ന പ്രതിഭാസത്തിൽനിന്ന് വേർപെടുന്നു. പിന്നെ അവന് രാപ്പകലുകളും അതുളവാക്കുന്ന സമയഗണനകളുമില്ല. യുഗങ്ങൾക്ക് മുമ്പ് മരണപ്പെട്ടവർക്കും ഉയിർത്തെഴുന്നേൽപിന്റെ തലേന്ന് മരിച്ചവർക്കും ഉയിർത്തെഴുന്നേൽക്കുമ്പോൾ തോന്നുക, ദാ അൽപം മുമ്പ് ജീവിച്ചു, മരിച്ചു ഇപ്പോഴിതാ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നാണ്.

يَتَخَـٰفَتُونَ بَيْنَهُمْ إِن لَّبِثْتُمْ إِلَّا عَشْرًا ﴿١٠٣﴾

103. അവർ തമ്മിൽ പിറുപിറുത്തുകൊണ്ടിരിക്കും: 'ഭൂമിയിൽ ഒരു പത്തുനാളേ നിങ്ങൾ പാർത്തിട്ടുള്ളൂ.'

نَّحْنُ أَعْلَمُ بِمَا يَقُولُونَ إِذْ يَقُولُ أَمْثَلُهُمْ طَرِيقَةً إِن لَّبِثْتُمْ إِلَّا يَوْمًا ﴿١٠٤﴾

104. അവരെന്താണ് പറയുകയെന്ന് നമുക്ക് നന്നായി അറിയാം. അവരിൽ ഏറെ നിപുണമായി കണക്കുകൂട്ടുന്നവർ 'ഇല്ല ഒരു ദിവസം മാത്രമേ നിങ്ങൾ പാർത്തിട്ടുള്ളൂ' എന്നു പറയുമെന്നും നമുക്കറിയാം.

وَيَسْـَٔلُونَكَ عَنِ ٱلْجِبَالِ فَقُلْ يَنسِفُهَا رَبِّى نَسْفًا ﴿١٠٥﴾

105. അവർ ചോദിക്കുന്നുണ്ടല്ലോ; അന്നാളിൽ ഈ പർവതങ്ങൾ എന്താകും? അവരോടു പറയുക: എന്റെ നാഥൻ അവയെ ധൂളീകരിച്ചു പറത്തിക്കളയും.

فَيَذَرُهَا قَاعًا صَفْصَفًا ﴿١٠٦﴾

106. അങ്ങനെ ഭൂമിയെ നിരന്ന മൈതാനമാക്കി വിടുന്നു.

لَّا تَرَىٰ فِيهَا عِوَجًا وَلَآ أَمْتًا ﴿١٠٧﴾

107. അതിൽ നിമ്നോന്നതികളോ വളവു തിരിവുകളോ നീ കാണുകയില്ല.

يَتَخَـٰفَتُونَ = അവർ പിറുപിറുക്കുന്നു; بَيْنَهُمْ = തമ്മിൽ; إِن لَّبِثْتُمْ = നിങ്ങൾ പാർത്തിട്ടില്ല(ട്ടുള്ളൂ)
إِلَّا عَشْرًا = പത്ത് ഒഴിച്ച് (ഭൂമിയിൽ പത്തു നാൾ മാത്രമേ); نَّحْنُ أَعْلَمُ = നമുക്ക് നന്നായറിയാം
بِمَا يَقُولُونَ = അവർ പറയുന്നതുകൊണ്ട് (എന്താണ് പറയുകയെന്ന്)
إِذْ يَقُولُ = അവർ പറയുന്നത് (പറയുമെന്നും നമുക്കറിയാം)
أَمْثَلُهُمْ طَرِيقَةً = അവരിൽ മാർഗത്താൽ ഉയർന്നവർ (ഏറ്റം നിപുണമായി കണക്കുകൂട്ടുന്നവർ)
إِن لَّبِثْتُمْ = നിങ്ങൾ പാർത്തിട്ടില്ല(ട്ടുള്ളൂ); إِلَّا يَوْمًا = ഒരു ദിവസം(മേ) അല്ലാതെ
وَيَسْـَٔلُونَكَ = നിന്നോടവർ ചോദിക്കുന്നു(ണ്ടല്ലോ); عَنِ ٱلْجِبَالِ = പർവതങ്ങ(ൾ എന്താകുമെന്ന്)ളെക്കുറിച്ച്
فَقُلْ = അപ്പോൾ നീ(അവരോട്) പറയുക
يَنسِفُهَا رَبِّى نَسْفًا = എന്റെ നാഥൻ അവയെ ഒരു ധൂളിയാക്കൽ ധൂളിയാക്കും (ധൂളീകരിച്ചു പറത്തിക്കളയും)
فَيَذَرُهَا = അങ്ങനെ അതിനെ ഉപേക്ഷിക്കും (ഭൂമിയെ വിടുന്നു); قَاعًا = നിലമായിട്ട്(മൈതാനമാക്കി)
صَفْصَفًا = നിരന്ന, സമമായ; لَّا تَرَىٰ = നീ കാണുകയില്ല; فِيهَا = അതിൽ; عِوَجًا = വക്രത (വളവു തിരുവകളോ)
وَلَآ أَمْتًا = ഉയരം (നിമ്നോന്നതികളോ)

## 103, 104

ഭൗതിക ലോകത്ത് ജീവിച്ചപ്പോൾ പരലോകവും ഉയിർത്തെഴുന്നേൽപും നിഷേധികൾക്ക് അസംഭവ്യമായ സങ്കൽപങ്ങളായിരുന്നു. ചിലരതിനെ പൂർണമായി നിഷേധിച്ചു. തുറന്നു നിഷേധിക്കാതിരുന്നവരും തികച്ചും വിദൂരമായ കാര്യമായി അതിനെ കണ്ടു; ഒട്ടും ഭയപ്പെട്ടില്ല. അനുഭവവേദ്യമായ യാഥാർഥ്യം ഈ ഭൗതിക ജീവിതമാണ്. ഈ ജീവിതത്തിനു ശേഷം മരണം. പിന്നെ മരണത്തിനും ഉയിർത്തെഴുന്നേൽപിനുമിടയിലുള്ള നീണ്ട ബർസഖി ഘട്ടം. അതുകഴിഞ്ഞ് ഉയിർത്തെഴുന്നേൽപ്. പിന്നെ വിചാരണ, സ്വർഗ-നരകങ്ങൾ. ഇതൊക്കെ ഉണ്ടെങ്കിൽ തന്നെ അതിവിദൂരങ്ങളാണ്. മുന്നിലുള്ള ഭൗതിക ജീവിതം മാത്രമാണ് യാഥാർഥ്യം. കേവല സങ്കൽപമായ പരലോക ജീവിതത്തെക്കുറിച്ച് ബേജാറായി കൈയിലുള്ള യാഥാർഥ്യമായ ഈ ജിവിതത്തെ കലുഷമാക്കുന്നത് വിഡ്ഢിത്തമാണ്. പരലോകം ഉണ്ടെങ്കിൽ വരട്ടെ; അപ്പോൾ കാണാം. കൈവശമുള്ള ജീവിതം ഏറ്റം നന്നായി അനുഭവിക്കുകയാണ് ഇപ്പോൾ വേണ്ടത്. ഉയിർത്തെഴുന്നേൽപ് ഉണ്ടെങ്കിൽ നമ്മുടെ പിതൃക്കളാരും പുനർജനിച്ചു വരാത്തതെന്തുകൊണ്ട്? പരലോകം ഉണ്ടെങ്കിൽ തന്നെ നമുക്ക് ഇവിടെ ലഭിച്ചതുപോലെയോ അതിലും മെച്ചപ്പെട്ടതോ ആയ ജീവിതമായിരിക്കും അവിടെ ലഭിക്കുക. പരലോക ഗതിയോർത്ത് ആരും പരിഭ്രമിക്കേണ്ട കാര്യമില്ല. പരലോക വിശ്വാസത്തിനെതിരെ പണ്ടും ഇന്നും ഉന്നയിക്കപ്പെട്ടുകൊണ്ടിരിക്കുന്ന വാദങ്ങൾ ഇതൊക്കെയാണ്.

ഈ അബദ്ധധാരണയിൽ ഭൗതിക ജീവിതം നയിച്ചവർ പരലോകത്തെത്തിയാലുള്ള അവസ്ഥ ചിത്രീകരിക്കുകയാണിത്. ചകിതരായി ഒച്ചയുണ്ടാക്കാതെ പരസ്പരം സംസാരിക്കുകയാണ് تخافت. ഭൗതിക ലോകത്ത് ജീവിക്കുന്ന എല്ലാവർക്കും മരണമുണ്ടെന്ന കാര്യം ഉറപ്പാണ്. എങ്കിലും അത് തന്നിൽ നിന്ന് വളരെ അകലെയാണെന്നാണ് ഓരോരുത്തരുടെയും വിചാരം. അവസാനം മരണം മുന്നിലെത്തുമ്പോൾ അവർ ഭയാക്രാന്തരാകുന്നു. എത്ര തുഛമായ കാലമേ താൻ ജീവിച്ചിട്ടുള്ളു എന്നു വേപഥു കൊള്ളുന്നു. അൽപമെങ്കിലും ആയുസ്സ് കൂട്ടിക്കിട്ടിയെങ്കിൽ എന്നു വിലപിക്കുന്നു. മരണത്തെക്കാൾ എത്രയോ അകലെയായിരുന്നു അവർക്ക് പരലോകം. മരണസമയത്തെന്ന പോലെ, പരലോകം വിദൂര സങ്കൽപമായി മാത്രം കണ്ടിരുന്നവർ പെട്ടെന്ന് പരലോകത്തേക്ക് കണ്ണ് തുറക്കുമ്പോൾ പേടിച്ചരണ്ട് ഒന്ന് ഉറക്കെ നിലവിളിക്കാൻ പോലും കഴിയാതെ പരസ്പരം അടക്കിപ്പിടിച്ച് സംസാരിക്കുന്നു. ഈ അവസ്ഥയെ 108-ാം സൂക്തം وَخَشَعَتِ ٱلْأَصْوَاتُ لِلرَّحْمَٰنِ فَلَا تَسْمَعُ إِلَّا هَمْسًا (ഒച്ചകളൊക്കെയും പരമകാരുണികന്റെ മുമ്പിൽ അടങ്ങിപ്പോകുന്നു. നേരിയ പാദസ്പന്ദനങ്ങളല്ലാതൊന്നും കേൾക്കുകയില്ല) എന്നാണ്. നമ്മൾ അതിവിദൂരമായി കരുതിയിരുന്ന ഉയിർത്തെഴുന്നേൽപ് ഇതാ യാഥാർഥ്യമായിരിക്കുന്നു. ഇപ്പോൾ നമുക്ക് സങ്കൽപമായി തോന്നുന്നത് നമ്മുടെ ഭൗതിക ജീവിതമാണ്. ഒരു പത്തുനാളല്ലേ നാം പിന്നിട്ടിട്ടുള്ളൂ. പരലോക നിഷേധികൾ ഉയിർത്തെഴുന്നേൽപുനാളിൽ ഭയാക്രാന്തരായി ഇങ്ങനെയൊക്കെ പിറുപിറക്കുമെന്ന്, നാം അവരെ ഭയപ്പെടുത്താൻ വേണ്ടി വെറുതെ തട്ടിവിടുകയല്ല. നാളെ എന്താണ് സംഭവിക്കാൻ പോകുന്നതെന്ന് വ്യക്തമായി അറിഞ്ഞുകൊണ്ട് തന്നെയാണ് പറയുന്നത്. അന്ന് അവരെന്തൊക്കെ പറയുമെന്ന് അവരെക്കാൾ നന്നായി ഇന്ന് നമുക്കറിയാം. കുറെക്കൂടി സൂക്ഷ്മമായി സമയം ഗണിച്ചവർ ഒരു ദിവസമേ പാർത്തിട്ടുള്ളൂ എന്നു പറയുമെന്നും നമുക്കറിയാം.

മനുഷ്യൻ മരിക്കുന്നതോടെ കാലം എന്ന പ്രതിഭാസത്തിൽനിന്ന് വേർപെടുന്നു. പിന്നെ അവന് രാപ്പകലുകളും അതുളവാക്കുന്ന സമയഗണനകളുമില്ല. യുഗങ്ങൾക്ക് മുമ്പ് മരണപ്പെട്ടവർക്കും ഉയിർത്തെഴുന്നേൽപിന്റെ തലേന്ന് മരിച്ചവർക്കും ഉയിർത്തെഴുന്നേൽക്കുമ്പോൾ തോന്നുക, ദാ അൽപം മുമ്പ് ജീവിച്ചു, മരിച്ചു ഇപ്പോഴിതാ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എന്നാണ്. പരലോകത്തെത്തുന്നവരോട് ഭൂമിയിൽ എത്ര കാലം വസിച്ചു എന്നു ചോദിച്ചാൽ, لَبِثْنَا يَوْمًا أَوْ بَعْضَ يَوْمٍ (ഒരു ദിവസം അല്ലെങ്കിൽ ഒരു ദിവസത്തിന്റെ ഏതാനും ഭാഗം) എന്നായിരിക്കും അവരുടെ മറുപടി എന്ന് 23:113-ൽ പറയുന്നുണ്ട്. അർറൂം 55-ാം സൂക്തത്തിൽ പറയുന്നു: وَيَوْمَ تَقُومُ ٱلسَّاعَةُ يُقْسِمُ ٱلْمُجْرِمُونَ مَا لَبِثُوا۟ غَيْرَ سَاعَةٍ (ഉയിർത്തെഴുന്നേൽപ് സമാഗതമാകുമ്പോൾ പാപികൾ തങ്ങൾ ഒരു മണിക്കൂറു മാത്രമേ വസിച്ചിട്ടുള്ളൂ എന്ന് സത്യം ചെയ്തു പറയും). വളരെ കുറഞ്ഞ കാലമേ കഴിഞ്ഞുപോയിട്ടുള്ളൂ എന്ന തോന്നലിന്റെ വ്യത്യസ്ത ഭാഷ്യങ്ങളാണിവ. ശ്രേഷ്ഠവും ഉന്നതവുമാണ് امثل. ഈ സന്ദർഭത്തിൽ أَمْثَلُهُمْ طَرِيقَةً (മാർഗത്തിൽ ശ്രേഷ്ഠമായവൻ) എന്നതിന്റെ ഉദ്ദേശ്യം കൂടുതൽ സൂക്ഷ്മമായി കാലഗണന നടത്തുന്നവൻ എന്നാണ്. ഒരു ഹാസ്യോക്തിയാണിത്. ഉയിർത്തെഴുന്നേൽപിനു മുമ്പ് പത്തു നാൾ പിന്നിട്ടു എന്നതിനേക്കാൾ സൂക്ഷ്മമായത് ഒരിക്കലും 'ഒരു നാളേ പിന്നിട്ടുള്ളൂ' എന്നു കണക്കാക്കുന്നതാവില്ലല്ലോ. ഒരുപക്ഷേ ഭൗതിക ജീവിതത്തിൽ വലിയ വിദ്വാന്മാരും പ്രതിഭാശാലികളുമായി ഭാവിച്ച് പരലോകത്തെ നിഷേധിച്ചിരുന്നവരായിരിക്കാം ഇവിടെ പരാമർശിക്കുന്ന أَمْثَلُهُمْ طَرِيقَةً.

## 105-107

മൂലത്തിലെ نسف നേരത്തെ 98-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്; ഇടിച്ചു പൊടിച്ച് ധൂളിയാക്കി പറത്തും എന്നാണ് ഇവിടെ അതിന്റെ ആശയം. വൃക്ഷങ്ങളോ കെട്ടിടങ്ങളോ ഇല്ലാതെ പരന്നു കിടക്കുന്ന ഭൂമിയാണ് قاع. നിരന്ന് സമതലമായതാണ് صفصف. അതിന്റെ നിരപ്പിനെയും സമതലാവസ്ഥയെയും ഒന്നുകൂടി ഊന്നിപ്പറയുകയാണ് لَّا تَرَىٰ فِيهَا عِوَجًا وَلَآ أَمْتًا എന്ന വാക്യം. വക്രതക്കും താഴ്ചക്കും عوج ഉപയോഗിക്കും. ഈ സന്ദർഭത്തിൽ രണ്ടാശയവും

സാധുവാകുന്നു. മുഴുപ്പും പൊക്കവും ഉന്നതിയുമാണ് امت . ചെറിയ കുന്നുകൾക്കും പറയും. കുഴി എന്നും امت ന് അർഥമുണ്ട്. ويذرها എന്നതിലെ ها (അത്) കൊണ്ട് സൂചിപ്പിക്കുന്നത് ഭൂമിയെയാണ്. ഇവിടെ ഭൂമിയെ പരാമർശിച്ചിട്ടില്ലെങ്കിലും സന്ദർഭത്തിൽനിന്ന് സ്പഷ്ടമാകുന്നതുകൊണ്ട് സർവനാമത്തിൽ ഒതുക്കിയിരിക്കുകയാണ്. സുപരിചിതമായതിനെ സർവനാമം കൊണ്ട് സൂചിപ്പിക്കുക അറബി ഭാഷയിലെ ഒരു രീതിയാണ്. വിശുദ്ധ ഖുർആൻ പലയിടത്തും ഈ രീതി സ്വീകരിച്ചതായി കാണാം. ഉദാ: مَا تَرَكَ عَلَىٰ ظَهْرِهَا مِن دَآبَّةٍ (അതിന്റെ മുകളിൽ ഒരു ജന്തുവിനെയും ശേഷിപ്പിക്കുമായിരുന്നില്ല). ഇവിടെ 'അത്' സൂചിപ്പിക്കുന്നത് ഭൂമിയെയാണെന്ന് സ്പഷ്ടമാണ്.

അന്ത്യനാളിൽ ഭൂമുഖത്തുള്ളതെല്ലാം നശിക്കുകയും പ്രകൃതി തകിടം മറിയുകയും ചെയ്യുമെന്ന് പറയുമ്പോൾ ഖുറൈശികൾ ചോദിക്കുമായിരുന്നു: അപ്പോൾ നാമിക്കാണുന്ന പർവതങ്ങളുടെയൊക്കെ സ്ഥിതിയെന്താകും? ഥഖീഫ് ഗോത്രത്തിലെ ഒരാളും ഇങ്ങനെ ചോദിച്ചതായി നിവേദനമുണ്ട്. ഥഖീഫിന്റെ ആവാസ കേന്ദ്രം മലകൾ നിറഞ്ഞ ത്വാഇഫ് ആയിരുന്നു. അതാണ് അയാളെ ഈ ചോദ്യമുന്നയിക്കാൻ പ്രേരിപ്പിച്ചതെന്നു പറയപ്പെടുന്നു. അറിയാനുള്ള താൽപര്യമല്ല പ്രത്യുത പ്രവാചകനെ പരിഹസിക്കുകയും ഉത്തരം മുട്ടിക്കുകയുമായിരുന്നു അവരുടെ ഉദ്ദേശ്യമെന്നാണ് പൊതുവിൽ മനസ്സിലാക്കപ്പെടുന്നത്. ചോദ്യകർത്താക്കളുടെ താൽപര്യമെന്തായാലും അല്ലാഹു മറുപടി നൽകുന്നത് ഗൗരവപൂർവം തന്നെയാണ്. ചോദ്യങ്ങൾ സൂചിപ്പിച്ച് അതിനു മറുപടി നൽകാൻ പ്രവാചകനോടാവശ്യപ്പെടുന്നിടത്തൊക്കെ ഖുർആൻ പറയാറുള്ളത് قل (നീ പറയുക) എന്നാണ്. ഈയൊരിടത്തു മാത്രമേ فقل (അപ്പോൾ നീ പറയുക) എന്ന വാക്കിലൂടെ തുടങ്ങുന്നുള്ളൂ. 'അവർ ചോദിക്കുമ്പോൾ പറയുക' എന്നാണതിന്റെ താൽപര്യം. ഇതു ഒരുപക്ഷേ അവർ ചോദ്യം ഉന്നയിക്കുന്നതിന് മുമ്പോ അല്ലെങ്കിൽ പ്രവാചകൻ അതു കേൾക്കുന്നതിന് മുമ്പോ ഈ സൂക്തം അവതരിച്ചതുകൊണ്ടാവാം. ഈയടിസ്ഥാനത്തിലാണ് يسألونك -യെ 'അവർ നിന്നോട് ചോദിക്കും' എന്ന തർജമ ചെയ്യാറുള്ളത്. يسألونك ക്ക് 'അവർ നിന്നോട് ചോദിക്കുന്നുണ്ടല്ലോ' എന്നും فقل -ന് 'അത് കേട്ടാൽ ഉടനെ പറയുക' എന്നുമാവാം ആശയം.

ജീവജാലങ്ങൾ ചത്തൊടുങ്ങുന്നു. വൃക്ഷലതാദികൾ കരിഞ്ഞുപോകുന്നു. നദികൾ പോലും മാറിയൊഴുകുകയോ വററിപ്പോവുകയോ ചെയ്യുന്നു. പക്ഷേ, എക്കാലത്തും ഒരു മാറ്റവുമില്ലാതെ തലയുയർത്തി നിൽക്കുന്ന ഗംഭീര സൃഷ്ടികളാണ് പർവത നിരകൾ. അന്ത്യനാളിൽ ഇതര സൃഷ്ടികളെല്ലാം നശിച്ചുപോകും എന്നു പറഞ്ഞത് മനസ്സിലാക്കാം. പക്ഷേ, ഈ മലനിരകൾ അങ്ങനെയങ്ങ് നശിക്കുമോ, നശിച്ചാൽ തന്നെ അവ എന്താണായിത്തീരുക? അവരുടെ ദൃഷ്ടിയിൽ ഏറ്റം വലുതും കീഴടക്കാനാവാത്തതുമായ സൃഷ്ടിയായിരുന്നു മലകൾ. എന്നെന്നും അചഞ്ചലമായി നിലനിൽക്കുന്ന പ്രതിഭാസങ്ങൾക്ക് ഉദാഹരണമായി ആളുകൾ വൻ മലകളെ ചൂണ്ടിക്കാണിക്കാറുണ്ടല്ലോ. അവിശ്വാസികൾ പരിഹസിക്കാൻ വേണ്ടി ചോദിച്ചതാണെങ്കിലും അതിനു ശരിയായ മറുപടി നൽകാൻ പ്രവാചകനോട് കൽപിക്കുകയാണ് ഖുർആൻ: "എന്റെ നാഥൻ അവയെ ഇടിച്ചുടച്ച് ധൂളിയാക്കി പറത്തിക്കളയും." *അൽവാഖിഅ* 4-6 സൂക്തങ്ങളിൽ ഇതേപ്പറ്റി പറയുന്നു:

إِذَا رُجَّتِ ٱلْأَرْضُ رَجًّا ﴿٤﴾ وَبُسَّتِ ٱلْجِبَالُ بَسًّا ﴿٥﴾ فَكَانَتْ هَبَآءً مُّنۢبَثًّا ﴿٦﴾

(അപ്പോൾ ഭൂലോകം ഒരൊറ്റ കിടലം കൊള്ളൽ. പർവതങ്ങൾ പൊടിപൊടിക്കപ്പെടും. അപ്പോഴവ പറത്തപ്പെടുന്ന ധൂളിയായിത്തീരുന്നു). *അന്നംല്* 88-ൽ പറയുന്നു:

وَتَرَى ٱلْجِبَالَ تَحْسَبُهَا جَامِدَةً وَهِىَ تَمُرُّ مَرَّ ٱلسَّحَابِ (നീ കാണുന്ന മലകൾ ഉറച്ചുനിൽക്കുന്നതായി കരുതുന്നു. എന്നാൽ അവ മേഘങ്ങൾ പോലെ ചലിച്ചുകൊണ്ടിരിക്കും). പർവതങ്ങൾ പറിച്ചെറിയപ്പെട്ട ഭൂമി നിമ്നോന്നതികളും വളവുതിരിവുകളുമില്ലാത്ത നിരന്നു മിനുസപ്പെട്ട പ്രതലമായിത്തീരും. ■

**M a t r i m o n i a l**

പ്രസ്ഥാന കുടുംബത്തിലെ യുവാവ് (27/169 cm). EC Diploma. അബൂദബയിൽ എഞ്ചിനീയർ. കോഴിക്കോട് ജില്ല. ദീനീനിഷ്ഠരായ യുവതികളുടെ രക്ഷിതാക്കൾ ബന്ധപ്പെടുക.

**9747820215**

പ്രസ്ഥാന പ്രവർത്തകന്റെ മകൾ (23/5'3"). ഗവ. മെഡിക്കൽ കോളേജിൽ M.B.B.S അവസാന വർഷം. മെലിഞ്ഞ ശരീരം. മലപ്പുറം ജില്ല. അനുയോജ്യമായ ആലോചനകൾ ക്ഷണിക്കുന്നു. സമാന യോഗ്യതയുള്ള പ്രസ്ഥാന പ്രവർത്തകർക്ക് മുൻഗണന.

**9446070808**

മുസ്‌ലിം യുവതി (23/5'4"). BDS. തൃശൂർ ജില്ല. അനുയോജ്യരും പ്രഫഷണലുകളുമായ യുവാക്കളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**9846109175, 9539355008**
**0096566620300**